# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2943 13/07/2015-ൽ മറുപടിയ്ക്ക്**

**ഓലക്കൽക്കടവിൽ പാലം നിർമ്മാണം**

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്:**

(എ) കണ്ണൂർ ജില്ലയിലെ രാമന്തളി, മാടായി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്നതുമായ ഓലക്കൽക്കടവിൽ പാലം പണിയുന്നതിന് ഹാർബർ എഞ്ചനീയറിംഗ് വകുപ്പിൽ നിന്നും പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് 10-7-2013 ന് സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ ഭരണാനുമതി ലഭിക്കാത്തതിന് കാരണമെന്ത്; വിശദമാക്കാമോ;

(ബി) 11/7/2014 ലെ സബ്മിഷന് ബഹു. മത്സ്യബന്ധന തുറമുഖ വകുപ്പ് മന്ത്രി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകുന്നതാണെന്ന് മറുപടി നൽകിയിരുന്നെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ഫണ്ട് അനുവദിക്കാത്തത് എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന് നബാർഡിന്റെ RIDF21 സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) യും (ബി) യും (സി) യും കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കാൽ കടവിൽ പാലം പണിയുന്നതിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് 10-7-2013ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും ടി പ്രവൃത്തിക്ക് നബാർഡിൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ചെലവിന് നബാർഡിന്റെ സഹായം ലഭിച്ചിട്ടില്ല. നിലവിലുള്ള ഹെഡിൽ നിന്നും തുക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് അനുവദിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ആഫീസർ